F

# സ്പന്ദനം



## ഡിജിറ്റൽ മാഗസിൻ
## SPWHS,ആലുവ
## ലിറ്റിൽ കൈറ്റ്സ് IT ക്ലബ്



**SPWHS LITTLE KITES IT CLUB PRESENTS...**

...

# DIGITAL MAGAZINE





പെരിയാറിന് സംസ്കൃതത്തിൽ ചൂർണ്ണി എന്നാണ് പറയുന്നത്. പെരിയാറിന്റെ തീരത്തുള്ള ഗ്രാമം - ചൂർണ്ണിക്കര എന്നർത്ഥം. ആലുവ വ്യവസായ മേഖലയിലെ ആദ്യ ഫാക്ടറി എന്ന നിലക്കാണ് സ്റ്റാൻഡേർഡ് പോട്ടറി വർക്സ് എന്ന ഓട്ടുകമ്പനി ചൂർണ്ണിക്കരയിൽ സ്ഥാപിതമായത്. ഈ കമ്പനിയിലെ ജോലിക്കാരുടെ മക്കൾക്ക് പഠിക്കാൻ വേണ്ടിയാണ് 1948 ജൂൺ 7 ന് S.P.W.High School ആരംഭിച്ചത്. ഇപ്പോൾ ആലുവ വിദ്യാഭ്യാസ ജില്ലയിലെ മെച്ചപ്പെട്ട ഒരു സ്കൂളായി ഇത് പ്രവർത്തിക്കുന്നു.



# ദളങ്ങളിൽ


| ക്രമ നമ്പര് | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | ആശംസ | 6-9 |
| 2 | എഡിറ്റോറിയൽ | 10 |
| 3 | ഞങ്ങളുടെ കരുത്ത് | 11-13 |
| 4 | ഞങ്ങളുടെ സ്കൂൾ | 14-18 |
| 5 | ദിനാചരണങ്ങൾ | 19-20 |
| 6 | മലയാളപ്പെരുമ (കവിത) | 21 |
| 7 | കേരളം (കവിത ) | 22 |
| 8 | കേരളകലകൾ (ലേഖനം) | 23-24 |
| 9 | 'അമ്മ (കവിത) | 25 |
| 10 | A Report on Climate Change | 26-27 |
| 11 | പ്രണാമം (കവിത) | 28 |
| 12 | ലഞ്ച് ബോക്സ് (കവിത) | 29-30 |
| 13 | മങ്ങിയ ഒരോർമ്മ (കവിത) | 31 |
| 14 | Word (English Poem) | 32 |
| | | |
| | | |
| | | |

| | | |
|---|---|---|
| 15 | ആത്മാവ് (കവിത) | 33-34 |
| 16 | ചിത്രശാല | 35 |
| 17 | മികവുകൾ | 36-45 |
| 18 | നന്ദി | 46 |
| 19 | | |
| 20 | | |
| | | |
| | | |
| | | |
| | | |

ആശംസകൾ....

**SPWHS** ലിറ്റിൽ കൈറ്റ്സ് **IT** ക്ലബ്ബ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാ ആശംസകളും അറിയിക്കുന്നു. കുട്ടിക്കൂട്ടങ്ങളുടെ ഭാവി സുരക്ഷിതമാവാൻ സർവേശ്വരനോട് പ്രാർത്ഥിക്കുന്നു..

**മാനേജർ**

**ശ്രീ:M.J.സോബിച്ചൻ**

**SPWHS ,ആലുവ**

# ആശംസകൾ ...

S.P.W.H.S, ALUVA യിലെ കുട്ടികൾക്ക് ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമാ വാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി കരുതുന്നു. കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്ന ഒരു പദ്ധതി കൂടിയാണിത്.ജീവിതത്തിന്റെ വഴിത്തിരിവിൽ എന്നും ഒരു കൈത്താങ്ങാവാൻ കഴിയുന്ന ഈ പദ്ധതിയ്ക്ക് എല്ലാ വിധ ഭാവുകങ്ങളും അർപ്പിക്കുന്നു.അതോടൊപ്പം ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി എന്റെ കുട്ടികൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.



ഹെഡ്മിസ്ട്രസ്
ശ്രീമതി:മായ.കെ.പി

ആശംസകൾ....

ഇരുട്ടിനെ ഭേദിക്കുന്ന മിന്നാമിന്നികളായ്
അക്ഷരക്കൂട്ടത്തെ ഹൃദയത്തിലേറ്റുന്ന പൂമ്പാറ്റകളായ്
സ്കൂൾ മുറ്റം നിറയെ കുട്ടിപ്പട്ടങ്ങൾ...
നിങ്ങളുടെ ഈ കഠിനപ്രയത്നത്തേക്കാൾ
അധികമായ് ഞങ്ങൾക്കിനിയെന്ത് വേണം...
അതെ....
നിങ്ങൾ **SPWHS** ന്റെ മിന്നാമിന്നികൾ തന്നെ....
ഈ മാഗസിന് വേണ്ടി പ്രകാശം പരത്തിയ എല്ലാവർക്കും
ഞങ്ങളുടെ ഒരായിരം അഭിനന്ദനങ്ങൾ ...

**ആശംസകൾ ......**

**സ്റ്റാഫ്**
**SPWHS,ആലുവ**


## ആശംസകൾ ..

ലോകം ഹൈടെക്ക് യുഗത്തിലേക്ക് അതിവേഗം കുതിച്ചുയരുന്ന ഈ കാലത്ത്,കേരളഗവൺമെന്റിന്റെ IT ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ്, SPWHS യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന്റെ അണിയറശില്പികളായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്കൂൾ PTA യുടെ സ്നേഹാഭിനന്ദനങ്ങൾ സാദരം അറിയിച്ചു കൊള്ളുന്നു..



PTA പ്രസിഡന്റ്

ശ്രീ:കെ എ ഹാരിസ്.



## യുഗങ്ങൾക്കപ്പുറം.....

ചിന്തകളിൽ ഇരുള് പടർന്ന

ഒരു കാലമുണ്ടായിരുന്നു.

മനസുകളിൽ പ്രകാശം നിറച്ച്,

പ്രവർത്തികൾ മിന്നൽപ്പിണറാക്കി ,

വിരൽത്തുമ്പുകൾ ലോകം കീഴടക്കി

ആ ഇരുട്ടിനെ നമ്മൾ അതിജീവിച്ചു.

അതെ, ഇന്ന് ലോകം നമ്മുടെ വിരൽത്തുമ്പുകളിലാണ് .

SPWHS ന്റെ മിന്നാമിന്നികളായ ഞങ്ങളും

വിരൽത്തുമ്പുകളാൽ ലോകം നോക്കിക്കാണുന്ന

ആവേശത്തിലും,അത്ഭുതത്തിലുമാണ് ....

# ഞങ്ങളുടെ കരുത്ത്

പി ടി എ

എസ് എസ് ജി

എം പി ടി എ

എസ് എം സി


2019 SSLC RESULT
SSLC-2019
SPWHS
100%Victory
4 Full A+





**ആലുവ സബ്ജില്ലാ കലോൽസവം,അറബി കലോൽസവം എന്നിവയിൽ 35 പേർ പങ്കെടുത്തു,24 പേർ A ഗ്രേഡ് നേടി..**

# Little Kites IT Club..





# സ്കൂൾ ലൈബ്രറി


ENGLISH
EDUCATION
SOCIOLOGY
GEOLOGY
POLITICS
RELIGION
PSYCHOLOGY
ECONOMY
PHYSICS
HISTORY
THE ARTS
CHEMISTRY
GEOMETRY
SPANISH
MARKETING
BIOLOGY
MATHEMATICS
DATA PROCESSING

# IT ലാബ്...





# സയൻസ് ലാബ്..




## A study trip to CUSAT by Science Club



# ഹൈജീനിക്ക് അടുക്കളയും ഉച്ചഭക്ഷണവും..






ദിനാചരണങ്ങൾ...


ജൂൺ 5
പരിസ്ഥിതി ദിനം


ലോകപരിസ്ഥിതിദിനം
S.P.W.H.S


ജൂൺ 19 വായനാദിനം



# സെപ്റ്റംബർ 14 ഹിന്ദി ദിനാചരണം




**അക്ഷരമുറ്റം സബ് ജില്ലാ ക്വിസ് മൽസരത്തിൽ VIIA യിലെ ഷിനാസ് സുലൈമാൻ ഒന്നാം സ്ഥാനം നേടി..**



**മിണ്ടിത്തുടങ്ങാൻ ശ്രമിയ്ക്കുന്ന പിഞ്ചിളം-**
**ചുണ്ടിന്മേലമ്മിഞ്ഞപ്പാലോലോടൊപ്പം**
**അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ**
**സമ്മേളിച്ചീടുന്നതൊന്നാമതായ്?**

**മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!**
**മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ**
**മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ**
**പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ.**



ആധുനിക മലയാളഭാഷയുടെ പിതാവ്

തുഞ്ചത്തെഴുത്തച്ഛൻ

# കേരളം

കേരളമെന്നൊരു പുണ്യനാട്
കാണുവാനേറെ സുന്ദരനാട്
കേരളമെന്നൊരു ഭാഗ്യനാട്ടിൽ
ജീവിക്കും നമ്മൾ ഭാഗ്യവാൻമാർ..

കിളികളും പുഴകളുമാകാശവും
കാടും കടലും താഴ്വാരവും
കേരം നിറഞ്ഞീടും കൊച്ചു നാട്
കേരളമെന്നൊരു ഭാഗ്യനാട്..


നമ്മുടെ പ്രിയമേറും കൊച്ചുനാട്ടിൽ
നശിക്കുകയാണെല്ലാ ജീവജാലം
കാരണം നമ്മൾ മനുഷ്യരാണ്
ദുസ്വഭാവങ്ങൾ കൊണ്ടുമാണ്..

# കൂടിയാട്ടം



പ്രാചീന സംസ്കൃത നാടക പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഇന്നും നിലനിൽക്കുന്ന കേരളീയ കലാരൂപമാണ് കൂടിയാട്ടം.നാട്യധർമ്മപ്രധാനമായ സംസ്കൃതനാടകപ്രസ്ഥാനത്തിൽ നിന്ന് ഉചിതജ്ഞതയോടെ വേണ്ടപ്പോൾ വേണ്ടപോലെ വ്യതിചലിച്ച് മറ്റുകേരളീയ രംഗകലകളിൽ നിന്നും പലതും സാംശീകരിച്ചതു കൊണ്ടാണ് കൂടിയാട്ടം ഇന്നും നിലനിൽക്കുന്നത്. കൂടിയാടുന്നത് കൂടിയാട്ടം. നായകനും നായികയും വിദൂഷകനും ഒരേ വേദിയിൽ അണിനിരക്കുന്നതുകൊണ്ടാവാം കൂടിയാട്ടം എന്ന് വിളിക്കുന്നത്.ഏഴാം നൂറ്റാണ്ടിൽ കുലശേഖരവർമ്മപ്പെരുമാളും ഭാസ്കര രവിവർമ്മപ്പെരുമാളും





മഹാകവി നമ്പിത്തോലനുമാകാം ഈ കലാരൂപത്തിന്റെ ആവിഷ്കർത്താക്കൾ എന്നും കരുതുന്നു. സംസ്കൃതത്തെ സർവത്ര ഉപജീവിച്ച ഈ നാടകരൂപത്തെ ജനപ്രിയമാക്കിയത് വിദൂഷകന്മാരായിരിന്നു. കഠിനസംസ്കൃതശ്ലോകങ്ങളെ പച്ചമലയാളത്തിൽ സരസമായി വ്യാഖ്യാനിച്ച് വിദൂഷകന്മാരായ ചാക്യാന്മാരും മിഴാവ് വിദഗ്ദരും



നമ്പ്യാന്മാരും ഈകലാരൂപത്തിന് നിറഞ്ഞ സദസ്സൊരുക്കി. ആടയാഭരണങ്ങൾ പലതും കഥകളിയിലേതുപോലെയാണ്. ഉടുത്തുകെട്ടിൽ വ്യത്യസ്തതയുണ്ട്. ശ്രുതിക്കനുസരിച്ചാണ് സംഭാഷണം. ശ്രുതി ഇലത്താളത്തിലും മിഴാവിലും ബദ്ധമാണ്. ആരയ്ക്ക്താഴെയുള്ള ഉടുപ്പും മുട്ടിന് താഴെ അരിമാവുകൊണ്ടുള്ള വരയും കൂടിയാട്ടത്തിലെ വേഷ പ്രത്യേകതയാണ്

# കഥകളി



കേരളീയ കലകളുടെ നടുനായകമായ കലയാണ് കഥകളി. വിശ്വ കലയായി അതിനെ പരിപോഷിപ്പിച്ച് പ്രചാരം നേടിക്കൊടുത്തത് വള്ളത്തോൾ നാരായണമേനോൻ എന്ന മലയാളകവിയാണ്. അദ്ദേഹം സ്ഥാപിച്ച 'കേരളകലാമണ്ഡലം' കഥകളി കലാരൂപത്തെ ക്ഷയിച്ച് പോവാതെ സംരക്ഷിക്കുകയും നിരന്തരമായ പരിശ്രമത്തിലൂടെ ലോകപ്രശസ്തി നേടിക്കൊടുക്കുകയും ചെയ്തു.

നൃത്തവും നൃത്യവും നാട്യവും ഒത്തുചേർന്ന കലയാണ് കഥകളി. കൈകാലുകളും ശരീരവും കണ്ണുകളും താളത്തിനൊത്ത് ച ലിപ്പിക്കുന്നതാണ് നൃത്തം.



നൃത്തത്തിൻറ ഉയർന്ന രൂപമാണ് നൃത്യം.കണ്ണ് ,പുരികം, ചുണ്ട്, കവിൾ, താടി തുടങ്ങിയ മുഖഭാഗങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് നവരസങ്ങളിൽ ഒരോന്നും അഭിനയിക്കുന്നതാണ് നാട്യം. ഭരതൻറെ നാട്യശാസ്ത്രമാണ് കഥകളി മുദ്രകൾക്ക് അടിസ്ഥാനം. എങ്കിലും കഥകളി നടന്മാർ പ്രധാന പ്രമാണമായി കണക്കാക്കുന്ന ഗ്രന്ഥം 'ഹസ്തലക്ഷണ ദീപിക'യാണ്.



ലീന.ഒ.ബി-HST മലയാളം

# അമ്മ

അമ്മയുടെ കയ്യുംപിടിച്ച് നടക്കാനിറങ്ങിയ
ഒരു കുട്ടിയായിരുന്നു ഞാൻ,പണ്ട്
ഇന്നതൊരു സ്വപ്നം മാത്രം
ഡോക്ടർ പറഞ്ഞു അമ്മയെ
കുറച്ച് നടത്തണമെന്ന്
ആശുപത്രി വരാന്തയിലൂടെ
അമ്മയുടെ കൈ പിടിച്ച്
പതുക്കെ ഞങ്ങൾ നടക്കാറുണ്ടായിരുന്നു
പണ്ട് പറഞ്ഞുതന്ന കഥകളെല്ലാം
അമ്മ മറന്നുപോയിരുന്നു
അതൊക്കെ നിറം വെച്ച്
ഞാൻ തിരിച്ചു നൽകി
മുഖത്ത് ചിരിയും സന്തോഷവും
ഞാനൊളികണ്ണാൽ കണ്ടു
"കാലം മുല്ലമാല അണിയിച്ചതും;
പാലത്തിൽ ചേർത്തു കഴിഞ്ഞൂ വരക്കുറി"
എല്ലാം കണ്ടെങ്കിലും കണ്ടതായി ഭാവിച്ചില്ല.
കഥ പറഞ്ഞു കൈ പിടിച്ച് നടക്കുമ്പോൾ
ഞാൻ ഇടയ്ക്കുണർന്നു ചുറ്റും നോക്കി
ആരുമില്ല: ഇരുട്ടു മാത്രം..!



ആൻസി ജോസഫ്-**HST(** മലയാളം**)**

# പ്രണാമം



കാർമേഘാവൃതമാം പുലരിയിൽ
മൗനനൊമ്പരമുള്ളിലൊതുക്കി
പ്രകൃതീശ്വരി നിലകൊള്ളവേ
ഭാഗ്യദേവതയെപ്പോലെ
മരണം പുല്കിയല്ലോ
നോവുമാത്മാവിനെ..!
പാരിതിൽപ്പരം
ഭാഗ്യമെന്തുണ്ടുവേറെ
ഇച്ഛക്കൊത്തവണ്ണം
മരണദേവത കടാക്ഷിച്ചു
വേർപിരിഞ്ഞൊരാ പ്രാണസഖിതൻ
സവിധത്തിൽ വേഗമൊന്നണയാൻ
കാലമെത്രയായ് കൊതിക്കുന്നു..!
സഫലമായിന്നീ മോഹങ്ങളെല്ലാം
പൊഴിക്കുന്നു ഞാനുമെന്നശ്രുബിന്ദുക്കൾ
സർവ്വേശ്വരാ..!ശാന്തിയേകണേ
എന്നുമാത്മാവിന്..!

ഗീത.സി.എസ് **(UPST )**

27

# ലഞ്ച് ബോക്സ്



ലഞ്ച് ബോക്സിൽ ഒന്നും ഉണ്ടായിരുന്നില്ല
ഒരു വറ്റ് ചോറു പോലും!!!

പകരം സദാ വൈബ്രേറ്റ്
ചെയ്തു കൊണ്ടിരുന്ന മൊബൈലും
പതിനാറ് 'ജി ബി'യുടെ ഒരു മെമ്മറി കാർഡും

ഡ്രിൽ മാഷിന്റെ തുറിച്ച നോട്ടത്തിൽ
'എസ്സെമ്മെ'സ്സെല്ലാം ഡിലീറ്റ് ബട്ടണിലമർന്നു

കണക്ക മാഷിൻറെ അമർത്തിപ്പിടുത്തത്തിൽ
മെമ്മറിക്കാർഡൂർന്നു പോന്നു

'കാർഡ് റീഡറി'നായി
ക്ലാസ്സ് ടീച്ചർ 'ഐ റ്റി' റൂമിലേക്കോടി

പതിനാറ് 'ജി ബി' പെറ്റിട്ട ചിത്രങ്ങൾ കണ്ട്

മ്യൂസിക് ടീച്ചർ 'ഹരേ രാമ' പാടി

ബയോളജിയിൽ പറയാൻ
പറ്റാഞ്ഞതെല്ലാം കൂട്ട്യോൾ
'പിക്ച്ചറാ'ക്കിയിയാതിനാൽ
തലേൽ മുണ്ടിട്ട്
ക്ലാസിൽ പോയാൽ മതിയെന്ന്
നാച്ചുറൽ സയൻസിൽ
'പി ജി' നേടിയ ടീച്ചർ

സദാചാരം ക്യാപ്സൂളാക്കിക്കൊടുത്തിട്ടും
നാളെയുടെ വാഗ്ദാനങ്ങളുടെ
പടവലങ്ങാ വളർച്ചയിൽ മനം നൊന്ത്
ഡെസ്കിൽ മുഖമമർത്തിക്കിടന്നു
സ്കൂളിലെ 'ഡിസിപ്ലിൻ ഹെഡ്' അറബിട്ടീച്ചർ

ഇതെല്ലം കണ്ടും കേട്ടും
നര വീണ പുരികം ചുളുക്കി
പുരാ വസ്തുവായ ചൂരലിനെ നോക്കി
'എച്ചെം' പിറു പിറുത്തു
"കാലം കലികാലം"

കവിത-ഹഫ്സ കല്ലുങ്കൽ **(HST അറബിക് )**



# മങ്ങിയൊരോർമ്മ

-----------------------------------------------



പത്തുമാസം ചുമന്നമ്മയെക്കാളുമിന്നാരൊരാൾ
നിൽക്കുന്നു മുന്നിൽ നല്ലൊരു വാക്കു ചൊല്ലാൻ
വരുമമ്മമാരെ ആട്ടിയോടിക്കുന്നു,പിന്നിൽ
പിച്ചവെച്ച നാൾമുതൽ സാരിതൻ തുമ്പിൽ പിടിച്ചു നടന്നും
മഴയുടെ വേഗത കണ്ടു ഭയന്നിട്ടമ്മതൻ മാറിൽ കിടന്നും..

ഇനിയില്ല നിഴലായ് നടന്നൊരാ-
അമ്മതൻ സ്നേഹവാത്സല്ല്യങ്ങളൊന്നുമേ
പഴയെ കാലങ്ങൾ പോയ് മറഞ്ഞിടും
മങ്ങിയായോർമ്മയായ് തീരുമമ്മ
മ [illegible] ് തീരും..!

ബിബിത ബിജു



# Word

A world without words,
Is it possible?
Yes, the world of affection
the world of love

become too heavy to handle
become too light to hold on,
There are times when silence
Means so much than words
conveys so much than sound
Feel so much than hugs
But when? Where? How?
Yes  my dear, it is true
when we are floated with  affection,
we are filled with love,
we are overwhelmed with passion
with much increase effort,
we don't need words..



SUSAN V PAUL-HST(ENGLISH)

# 31 ആത്മാവ്

മിഴികൾ തുറന്നു ഞാൻ നോക്കുന്ന നേരം
പത്തുന്നൂറുപേർ നിൽക്കുന്നെന്റെ മുന്നിൽ
അവരേവരും എന്റെ ബന്ധുമിത്രാദികൾ
അയൽവാസികൾ എന്റെ സഹപാഠികൾ
എന്തിനിവരെവരുമെന്നെ നോക്കിടുന്നു
അമ്മയെന്തിന് ഏങ്ങിക്കരയുന്നു
ഏട്ടനെന്തിനു കരയുന്നുവെന്റെയച്ഛനും
എന്ത് പിണഞ്ഞു എൻ വീട്ടുവല്ലതും
നിലംപൊത്തിയോ അതോ ?
കാരണമില്ലാതെ കരയുന്നതെന്തിന് ?
ഞാൻ ഒരുപാടു വട്ടം ആലോചിച്ചു കൊണ്ടങ്ങിങ്
നടന്നു നോക്കുന്ന നേരം
എന്നെ പുതപ്പിച്ചു താങ്ങിയെടുക്കുന്നു
ആരോ കൊണ്ടുപോയി കുളിപ്പിച്ചിടുന്നു
പൂജയും മന്ത്രവും ഉരുവിടുന്നു
എന്റെ കുഞ്ഞനിയത്തി ചേച്ചിയെന്തേ
എനിക്കാത്തതെന്നു ചോദിക്കുന്നു
റീത്തുകൾ എന്റെ മേൽ കുന്നുകൂടി
ഒരു വെള്ള റോസയും എന്റെ മേൽ വന്നു ചേർന്ന്
എന്റെ പ്രിയതോഴിയും വന്നണഞ്ഞു
മുത്തങ്ങൾ തന്നവർ യാത്രയായി
അർത്ഥമില്ലാത്ത വ്യർത്ഥമാം വാക്കുകൾ
ഏതോ തേങ്ങലിൽ മാഞ്ഞുപോയി
അതുകണ്ട  നേരം ഞാൻ അറിഞ്ഞു
ഞാനല്ല ഞാനല്ല എന്റെ ഓർമ്മ ആണ്

ഞാൻ എന്റെ  ആത്മാവ് മാത്രം
എന്നെ ചിതയിൽ കിടത്തി മെല്ലെ
അച്ഛനറിയാതെ അലറി കരഞ്ഞു പോയി
'അമ്മ  തേങ്ങി  കരഞ്ഞു പോയ്  ബോധം
പോയ് വീണു  പോയ്
ഏട്ടൻ എന്റെ ചിതയിൽ കൊള്ളിവെക്കാൻ ഒരുങ്ങി
പൊട്ടിക്കരഞ്ഞു ഒച്ചവെച്ചു ഏട്ടൻ
ചിത എരിച്ചു അറിയാതെ  നിന്ന്  പോയി
കുഞ്ഞനിയത്തി ചോദിച്ചു ചേച്ചിയെ  എന്തിനെട്ടൻ
എരിച്ചതു
എല്ലാം ആ ചിതാഗ്നിതൻ ജ്വാല യിൽ മാഞ്ഞു
പോയി
ഞാൻ മൃതമായ ഏവർക്കും ഓർമ്മയായി
രാത്രി എന്നാത്മാവ് അലഞ്ഞനേരം
ഞാൻ കണ്ടെന്നമ്മ ഭ്രാന്തിയെ പോലെ

തേങ്ങി തളർന്നു കിടക്കുന്നതായി
അച്ഛൻ വെറും നിലത്തേതോ അനന്തതയിൽ
കണ്ണ് തുറന്നു കിടക്കുന്നതായി
ഏട്ടൻ ഏതോ സ്വപ്നത്തിൽ എന്നപോലെ
കണ്ണുതുറന്നു ഇരിപ്പുതന്ടെ
ആ കണ്ണിലെ കണ്ണുനീർ തുടക്കുവാൻ എൻകയ്യുകൾ
പൊങ്ങിയനേരം ഞാനറിഞ്ഞു ഞാൻ മൃതമായ
ഇനി ഞാൻ ഏവർക്കും ഓർമ്മയാണ്
ഓർമ്മ ....കേവലം ഓർമ്മ മാത്രം ...

നാജിയ
IXA

# ചിത്രശാല








എറണാകുളം ജില്ലാ
അറബി
കലോൽസവത്തിലും,
സംസ്ഥാന അറബി
കലോൽസവത്തിലും
IX B യിലെ മുഹമ്മദ്
യാസീൻ K S ന് A
ഗ്രേഡ്..



ശ്രദ്ധ- മികവിലെക്കൊരു ചുവടുകൂടി
@@@@@@@@@@@@@@@@@@@@@@

യു പി തലത്തിലെ കുട്ടികൾക്ക് പഠന
മികവിനായി സ്പെഷ്യൽ കോച്ചിംഗ്...

# മലയാളത്തിളക്കം

# HELLO ENGLISH..!


# ഇംഗ്ലീഷ് ഇഷ്ടത്തോടെ പഠിച്ചെടുക്കാം...

# സുരീലി ഹിന്ദി.. ഹിന്ദി എളുപ്പമാക്കാൻ എളുപ്പവഴികൾ..




Quiz Programme on LEPROSY by Healthclub





എല്ലാ ക്ലാസുകളും
ഹൈടെക്ക്..




Junior Red Cross
SPWHS JUNIOR RED CROSS GROUP



# ലിറ്റിൽ കൈറ്റ്സ് IT ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ പൂക്കളം..





SPWHS,LITTLE KITES


പഠന-വിനോദ യാത്ര



# SCHOOL BLOG..


NAMMUDE SCHOOL
Standard Pottery Works High School Thaikkattukara Aluva
HOME
OUR SCHOOL
NEWS
PHOTO GALLERY

# SCHOOL WIKI

# എസ് പി ഡബ്യൂ എച്ച് എസ് ആലുവ

(എസ്.പി.ഡബ്യൂ.എച്ച്.എസ്.ആലുവ എന്ന താളിൽ നിന്നും തിരിച്ചുവിട്ടതു പ്രകാരം)



| എസ് പി ഡബ്യൂ എച്ച് എസ് ആലുവ | |
| --- | --- |
| [[Image:|center|240px|സ്കൂൾ ചിത്രം]] | |
| **സ്ഥാപിതം** | 01-09-1974 |

**ഉള്ളടക്കം** [മറയ്ക്കുക]

1 ആമുഖം

പ്രിയരെ...

കഠിനാധ്വാനത്തിന്റേയും ആകാംക്ഷയുടേയും ദിനങ്ങളാണ് കഴിഞ്ഞത്.ഇനിയും ഇതിനേക്കാൾ മനോഹരമായ നാളുകൾക്കായി ഞങ്ങൾ കാത്തിരിക്കുന്നു.

നന്ദിയോടെ ...

സ്നേഹത്തോടെ...

SPWHS

LITTLE KITES